ഉത്തരം

(എ&ബി) ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ഏജന്റുമാരും വില്പനക്കാരും പ്രതിമാസം 10000 രൂപ മുഖവിലയുള്ള ടിക്കറ്റുകൾ വിൽക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ എണ്ണം ആഴ്ചയിൽ 7-ൽ നിന്നും 1-ആയി കുറഞ്ഞതുമൂലം ഈ വ്യവസ്ഥ പാലിക്കാൻ പ്രയാസമുള്ളതുകൊണ്ട് ഈപ്രതിസന്ധി തുടരുന്നതുവരെ പ്രതിമാസം 1000 രൂപ മുഖവിലയുള്ള ടിക്കറ്റുകൾ വിറ്റാൽ മതിയെന്ന് വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്. 2010 സെപ്തംബർ 15 വരെ ക്ഷേമനിധിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ പ്രത്യേക ധനസഹായമായി 1000 രൂപ വീതം വിതരണം ചെയ്തുവരികയാണ്. 2010 സെപ്തംബർ 15 മുതൽ ഒക്ടോബർ 30 വരെ രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ കുടിശ്ശികയും നവംബർ 30 വരെ രജിസ്റ്റർ ചെയ്ത മുഴുവൻ അംഗങ്ങൾക്കും 2010 നവംബർ, ഡിസംബർ മാസങ്ങളിൽ ധനസഹായം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കുത്തിയതോട് സബ് ട്രഷറി നിർമ്മിക്കുന്നതിനുള്ള നടപടി

121 (1707) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തിയതോട് സബ് ട്രഷറി നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് നൽകുകയും അതിന്റെ പ്ലാൻ പി.ഡബ്ള്യു.ഡി. തയ്യാറാക്കി ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടും ആയതിന് അംഗീകാരം ഇതുവരെ നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) പി.ഡബ്യു.ഡി. പ്രസ്തുത പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതും ട്രഷറി ഡയറക്ടർക്ക് നൽകിയതും ഏതൊക്കെ തീയതികളിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ട്രഷറി വകുപ്പിന്റെ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുത്തിയതോട് സബ് ട്രഷറി ഓഫീസ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുത്തിയതോട് സബ് ട്രഷറി കെട്ടിട നിർമ്മാണം തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ പ്ലാനിന്റെ പകർപ്പ് ട്രഷറിയിൽ ലഭിക്കുന്നത് 24-12-2009-ൽ ആണ്.

(സി) സബ്ട്രഷറി കെട്ടിട നിർമ്മാണം TIDP പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വിരകയാണ്. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly